**കേരള സർക്കാർ**

**ധനകാര്യ(എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**വിജ്ഞാപനം**

നം.എസ്റ്റാ.ഡി2/174/2017-ധന തിരുവനന്തപുരം,തീയതി 05.11.2017

കേരള സർക്കാരിന്റെ കീഴിലുള്ള തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഡയറക്ടർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യാൻ താൽപര്യമുള്ള പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളിലെ സീനിയർ ഡിവിഷണൽ മാനേജർ റാങ്കിലോ/ഉയർന്ന റാങ്കിലോ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൻ/അപേക്ഷക ഇൻഷ്വറൻസ് വിഷയത്തിൽ പ്രാവിണ്യം നേടിയിട്ടുള്ളവരായിരിക്കണം. അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 58 വയസ്സാണ്. നിയമനം കുറഞ്ഞത് 2 വർഷ കാലയളവിലേയ്ക്കായിരിക്കും.

2) ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് എന്നീ മേഖലകളിൽ ഒരു വാണിജ്യ സ്ഥാപനമെന്ന നിലയിലേയ്ക്ക് വകുപ്പിനെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പരിഷ്കരണ നടപടികൾ കൈക്കൊള്ളുക, വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക എന്നിവയാണ് ജോലി

3) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളിൽ സീനിയർ ഡിവിഷണൽ മാനേജർ റാങ്കിലോ/ഉയർന്ന റാങ്കിലോ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് മാത്രം സംവരണം ചെയ്തിട്ടുള്ളതാണ്.

4) തെരഞ്ഞെടുക്കപ്പെടുന്ന ഓഫീസർക്ക് നിലവിൽ അവരുടെ മാതൃ സ്ഥാപനത്തിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളത്തിനും അലവൻസുകൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ സർക്കാരിൽ നിന്നും മതിയായ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

5) അപേക്ഷിക്കാൻ താൽപര്യമുള്ളവർ വകുപ്പുതല NOC, ACR വിജിലൻസ് ക്ലിയറൻസ് എന്നിവയടക്കം ഉചിതമാർഗ്ഗേണ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പ് മുൻകൂറായി ജോയിന്റ് സെക്രട്ടറി (എസ്റ്റാബ്ലിഷ്മെന്റ്-ഡി) ധനകാര്യ വകുപ്പ്, സെക്രട്ടേറിയറ്റ്,തിരുവനന്തപുരം എന്ന വിലാസത്തിൽ 31.12.2017 തീയതിക്കു മുമ്പായി അയച്ചുതരേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്**
**ധനകാര്യ സെക്രട്ടറി (വ്യയം)**

വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (പ്രാദേശിക മലയാളം പത്രങ്ങളിൽ പരസ്യം കൊടുക്കാൻ താൽപര്യപ്പെടുന്നു)
ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ് (നാഷണൽ പോർട്ടലിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
വെബ് &ന്യൂ മീഡിയ,,പി.ആർ.ഡി
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

# BIO-DATA

1) Name:
2) Date of Birth:
3) Address
Office:

Residence:

4) Phone:
Office: Residence: Mobile:

5) a) Qualifications-Academic

| Examination | Year of Pass | University |
|---|---|---|
| | | |
| | | |
| | | |

b) Qualifications-Professional

| Qualifications | Year of Pass | Institution |
|---|---|---|
| | | |
| | | |

6) Experience

| Experience | Position held with grade and scale of pay | Duration |
|---|---|---|
| | | |
| | | |

7) Achievements and Awards

| Achievements and Awards | Year | Regional/National/International |
|---|---|---|
| | | |
| | | |

Signature and Designation

**FOR OFFICE USE ONLY**

Verified and found ..................................................................................................................................
..................................................................................................................................................
..................................................................................................................................................

Section Officer/Under Secretary/Deputy Secretary/Joint Secretary
Finance Department